Department of



# കുടുംബങ്ങൾക്കുള്ള വിവരങ്ങൾ

## പശ്ചിമ ഓസ്ട്രേലിയയിലെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുള്ള, താൽക്കാലിക നൈപുണ്യ അപര്യാപ്തതാ (ടിഎസ്എസ്) വിസ (സബ്ക്ലാസ് 482), താൽക്കാലിക തൊഴിൽ (സ്കിൽഡ്) വിസ (സബ്ക്ലാസ് 457) ഉടമകൾക്കുള്ള ട്യൂഷൻ ഫീസ്.

457 അല്ലെങ്കിൽ 482 വിസ ഉടമ എന്ന നിലയിൽ നിങ്ങളുടെ കുട്ടികൾക്ക് പ്രാദേശിക പശ്ചിമ ഓസ്ട്രേലിയൻ കുട്ടികളെപ്പോലെ പൊതുവിദ്യാഭ്യാസത്തിലേക്ക് ആക്സസ്സ് ഉണ്ടായിരിക്കും, ഒപ്പം അവരുടെ പ്രാദേശിക പൊതു വിദ്യാലയത്തിൽ ചേരാനും കഴിയും. എന്നിരുന്നാലും, നിങ്ങൾ ഫാമിലി ട്യൂഷൻ ഫീസ് നൽകേണ്ടതുണ്ട്.

### ട്യൂഷൻ ഫീസ്, സ്കൂൾ സ്വേച്ഛാനുസൃത സംഭാവന, നിരക്കുകൾ, ഫീസ്

പൊതുവിദ്യാലയങ്ങളിൽ ചേർന്നിട്ടുള്ള കുട്ടികളുടെ എണ്ണം (പ്രീ-പ്രൈമറി മുതൽ വർഷം 12 വയസ്സ് വരെ) കണക്കിലെടുക്കാതെ, ട്യൂഷൻ ഫീസ് ഒരു കുടുംബത്തിന് പ്രതിവർഷം $4 000 ആണ്. കിന്റർഗാർട്ടനിൽ ചേർന്ന കുട്ടിയാണ് ഒരു കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ കുട്ടിയെങ്കിൽ ആ കുടുംബങ്ങൾ ഫീസ് അടയ്ക്കേണ്ടതില്ല. കുട്ടികളുടെ സ്കൂളുകളിലേക്ക് സ്കൂൾ സ്വേച്ഛാനുസൃത സംഭാവനകളും നിരക്കുകളും ഫീസുകളും നിങ്ങൾ നേരിട്ട് നൽകേണ്ടതുമുണ്ട്. സ്കൂളിൽ പോകുന്ന കുട്ടികൾ ഉള്ള എല്ലാ കുടുംബങ്ങളും ഈ പേയ്മെന്റുകൾ നടത്തണം, കൂടാതെ എൻറോൾ ചെയ്ത ഓരോ കുട്ടിക്കും ഓരോ വർഷവും പണം അടയ്ക്കേണ്ടതുണ്ട്.

### ട്യൂഷൻ ഫീ അടയ്ക്കുന്ന വിധം

TAFE ഇന്റർനാഷണൽ വെസ്റ്റേൺ ഓസ്ട്രേലിയയിലാണ് ട്യൂഷൻ ഫീസ് അടയ്ക്കേണ്ടത്. ഓരോ അദ്ധ്യയന വർഷത്തിന്റേയും ആരംഭത്തിൽ (അല്ലെങ്കിൽ നിങ്ങളുടെ കുട്ടിയെ എൻറോൾ ചെയ്യിക്കുമ്പോൾ) $4000 (അല്ലെങ്കിൽ പ്രൊ റാറ്റ) അടയ്ക്കാനായി തപാൽ വഴിയോ ഇമെയിൽ വഴിയോ ആവശ്യപ്പെടും.

ഒറ്റത്തവണ പേയ്മെന്റായി നിങ്ങൾക്ക് മുഴുവൻ തുകയും അടയ്ക്കാം; അല്ലെങ്കിൽ ഡയറക്റ്റ് ഡെബിറ്റ് മുഖേന വർഷം മുഴുവനുള്ള ഇൻസ്റ്റാൾമെന്റുകളായി അടയ്ക്കാം. ഇൻവോയ്സ് ഇഷ്യൂ ചെയ്യുന്ന വർഷം അവസാനിക്കുന്നതിന് മുമ്പ് മുഴുവൻ പേയ്മെന്റും നടത്തിയിരിക്കണം.

മുൻവർഷങ്ങളിലെ അടയ്ക്കത്തതോ കുടിശ്ശിക നിൽക്കുന്നതോ ആയ ട്യൂഷൻ ഫീസ് 2020-ലെ ഫീസിനൊപ്പം നിർബന്ധമായും അടച്ചിരിക്കണം.

### ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ലാത്ത സാഹചര്യങ്ങൾ

ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ നിങ്ങൾ തുടർന്ന് ട്യൂഷൻ ഫീസ് നൽകേണ്ടതില്ല:

> നിങ്ങൾക്ക് സ്ഥിരമായ താമസസ്ഥലം ലഭിക്കുകയാണെങ്കിൽ

> നിങ്ങളുടെ കുട്ടികൾ പൊതുവിദ്യാലയ സംവിധാനം ഉപേക്ഷിക്കുകയാണെങ്കിൽ; അല്ലെങ്കിൽ

> നിങ്ങളുടെ വിസ സ്റ്റാറ്റസ് 457 അല്ലെങ്കിൽ 482 വിസയിൽ നിന്ന് മാറ്റുകയാണെങ്കിൽ.

ഈ സാഹചര്യങ്ങളിലേതെങ്കിലും ഉണ്ടായാൽ നിങ്ങളുടെ ഓരോ കുട്ടിയുടേയും സ്കൂളിനെ അറിയിച്ചിരിക്കണം. ഇത് ഫീസ് സംബന്ധിച്ച ഒരു ശരിയായ നിർദ്ദേശമാണ് നിങ്ങൾക്ക് നൽകിയിട്ടുള്ളതെന്ന് ഉറപ്പാക്കുകയും നിങ്ങൾക്ക് അർഹതയുണ്ടായേക്കാവുന്ന ഏതെങ്കിലും റീഫണ്ടുകൾ ലഭിക്കുകയും ചെയ്യും.

നിങ്ങൾ 457 അല്ലെങ്കിൽ 482 വിസയിലായിരുന്നുവെങ്കിലും ഇപ്പോൾ ബ്രിഡ്ജിംഗ് വിസയിലാണെങ്കിൽ ട്യൂഷൻ ഫീസ് നൽകുന്നത് തുടരേണ്ടതുണ്ട്. ഒരു ബ്രിഡ്ജിംഗ് വിസ നിങ്ങളുടെ 457 വിസയിലെ അല്ലെങ്കിൽ 482 വിസയിലെ വ്യവസ്ഥകളും അവകാശങ്ങളും സാരമായി മാറ്റില്ല.

## സാമ്പത്തിക സഹായം

നിങ്ങൾ ഒരു 457 വിസ അല്ലെങ്കിൽ 482 വിസ ഉടമയാണെങ്കിൽ, നിങ്ങളുടെ ട്യൂഷൻ ഫീസ് കുറയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ സാമ്പത്തിക സഹായത്തിനായി അപേക്ഷിക്കാം. ഫീസ് ഈടാക്കിയ വർഷത്തിനുള്ളിൽ സാമ്പത്തിക സഹായത്തിനായി ഒരു അപേക്ഷ നൽകണം. 2019-ന് മുമ്പുള്ള ട്യൂഷൻ ഫീസുകൾക്കായുള്ള സാമ്പത്തിക സഹായ അപേക്ഷകൾ മേലിൽ സമർപ്പിക്കാൻ കഴിയില്ല.

രണ്ട് വ്യത്യസ്ത തരത്തിലുള്ള സാമ്പത്തിക സഹായ അപേക്ഷകളുണ്ട്:

**സയോജിത മൊത്ത കുടുംബ വരുമാനം**
നികുതിയും മറ്റ് കിഴിവുകളും നടത്തുന്നതിന് മുമ്പ് മാതാപിതാക്കൾക്ക് ലഭിച്ച, നികുതി ബാധകമായ ആകെ വരുമാനമാണ് സംയോജിത മൊത്ത കുടുംബ വരുമാനം. അധികസമയ അല്ലെങ്കിൽ ബോണസ് പേയ്മെന്റുകളിൽ നിന്നുള്ള വരുമാനവും ഉൾപ്പെടുത്തിയിട്ടുണ്ട്.
ഒരു വർഷത്തെ നിങ്ങളുടെ സംയോജിത മൊത്ത കുടുംബ വരുമാനം കണക്കാക്കുമ്പോൾ $75 000 അല്ലെങ്കിൽ അതിൽ കുറവായാണ് ലഭിക്കുന്നതെങ്കിൽ നിങ്ങളുടെ ട്യൂഷൻ ഫീസ് മുഴുവനായും ഒഴിവാക്കാനാകും.

നിങ്ങളുടെ മൊത്തം കുടുംബ വരുമാനം കണക്കാക്കുന്നതിന് നിങ്ങൾ രേഖകൾ ഹാജരാക്കേണ്ടതുണ്ട്. നിങ്ങൾക്കും പങ്കാളിക്കും വേണ്ടിയുള്ള തെളിവുകളിൽ ഇനിപ്പറയുന്നവ ഉൾപ്പെട്ടിരിക്കണം:

> ഏറ്റവും അവസാനത്തെ മൂന്ന് ശമ്പള ബില്ലുകൾ;

> ഈ വർഷം ഇതുവരെയുള്ള വരുമാനത്തിന്റെ രേഖ;

> PAYG-യിൽ അല്ലെങ്കിൽ ഗ്രൂപ്പ് സർട്ടിഫിക്കറ്റുകളിൽ റിപ്പോർട്ട് ചെയ്ത വരുമാനം; കൂടാതെ

> 457 വിസ അല്ലെങ്കിൽ 482 വിസ അനുമതി അറിയിപ്പ് അല്ലെങ്കിൽ സുനിശ്ചിത വരുമാനമുള്ള നിങ്ങളുടെ തൊഴിൽ കരാർ.

**സാമ്പത്തിക സാഹചര്യങ്ങളിൽ സംഭവിക്കുന്ന അപ്രതീക്ഷിത മാറ്റങ്ങൾ**

നിങ്ങളുടെ സാമ്പത്തിക സാഹചര്യങ്ങളിൽ അപ്രതീക്ഷിതമായ മാറ്റങ്ങൾ സംഭവിച്ച് ട്യൂഷൻ ഫീസ് അടയ്ക്കാനുള്ള നിങ്ങളുടെ ശേഷി കുറയുകയാണെങ്കിൽ ട്യൂഷൻ ഫീസ് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കിയേക്കാം. അപ്രതീക്ഷിത സാഹചര്യം സംഭവിച്ച് ആറുമാസത്തിനുള്ളിൽ ആ സാഹചര്യം എന്തായിരുന്നുവെന്നും ട്യൂഷൻ ഫീസ് അടയ്ക്കാനുള്ള നിങ്ങളുടെ ശേഷിയെ ഇത് എങ്ങനെ ബാധിച്ചിട്ടുണ്ട് എന്നതിനും നിങ്ങൾ തെളിവുകൾ നൽകേണ്ടതുണ്ട്.

അപ്രതീക്ഷിതമായ ഒരു സാഹചര്യം എന്ന് പറയുമ്പോൾ അതിൽ അസുഖം, തൊഴിൽ നഷ്ടപ്പെടൽ, മാറിയ തൊഴിൽ സാഹചര്യങ്ങൾ, കുടുംബ ബന്ധത്തിൽ ഉണ്ടാകുന്ന തകർച്ച, അല്ലെങ്കിൽ മരണം എന്നിവ ഉൾപ്പെടാം.

ഇനിപ്പറയുന്ന സാഹചര്യങ്ങൾ അപ്രതീക്ഷിത സംഭവങ്ങളായി കണക്കാക്കുകയില്ല:

> ഈ ട്യൂഷൻ ഫീസ് അല്ലെങ്കിൽ മറ്റ് സ്കൂൾ ഫീസുകൾ അടയ് ക്കേണ്ട ആവശ്യകത;

> സ്ഥിര താമസത്തിനായി അപേക്ഷിക്കുന്നു;

> വാടക, ആരോഗ്യ ഇൻഷുറൻസ് അല്ലെങ്കിൽ വായ്പ തിരിച്ചടവ് പോലുള്ള കുടുംബ ജീവിത ചെലവുകൾ; അല്ലെങ്കിൽ

> മറ്റ് കുട്ടികളുടെയോ മുതിർന്ന വിദ്യാർത്ഥിയുടെയോ വിദ്യാഭ്യാസത്തിനായി പണമടയ്ക്കുന്നത്.

തൊഴിലിൽ വരുന്ന ഏത് മാറ്റവും നിങ്ങളുടെ സാമ്പത്തിക സഹായ അപേക്ഷയെ ബാധിച്ചേക്കാം. പണം നൽകിക്കൊണ്ടുള്ള എല്ലാ ജോലികളിൽ നിന്നും നിങ്ങളും പങ്കാളിയും സ്വീകരിച്ച മൊത്ത വരുമാനം നിങ്ങൾ നൽകേണ്ടതുണ്ട്. പിരിച്ചുവിടൽ അല്ലെങ്കിൽ തൊഴിൽ അവസാനിപ്പിക്കൽ പത്രങ്ങൾ, ഒരു ജോലിയിൽ നിന്നുള്ള അന്തിമ ശമ്പള ബില്ലുകൾ അല്ലെങ്കിൽ നിങ്ങളോ നിങ്ങളുടെ പങ്കാളിയോ എത്ര കാലമായി തൊഴിൽരഹിതരാണ് എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ നൽകണം.

എല്ലാ സാമ്പത്തിക സഹായ അപേക്ഷകളും പ്രത്യേകമായി പരിഗണിക്കും. TAFE ഇന്റർനാഷണൽ വെസ്റ്റേൺ ഓസ്ട്രേലിയയിൽ ആവശ്യമായ എല്ലാ രേഖകളും നൽകി നാല് മുതൽ ആറ് ആഴ്ചയ് ക്കുള്ളിൽ നിങ്ങളുടെ സാമ്പത്തിക സഹായ അപേക്ഷയുടെ ഫലം നിങ്ങളെ അറിയിക്കും.

സാമ്പത്തിക സഹായത്തിനായി ഓരോ വർഷവും പുതിയ അപേക്ഷ നൽകണം. ഒരു ട്യൂഷൻ ഫീസ് എഴുതിത്തള്ളൽ അനുവദിക്കുമ്പോൾ, നിങ്ങൾക്ക് ഫീസ് അടയ്ക്കാനുള്ള ശേഷി ഇല്ലാത്ത കാലയളവിൽ മാത്രമേ ഇത് ബാധകമാകൂ. ഫീസ് ഇളവ് അടുത്ത അധ്യയന വർഷത്തിലേക്ക് തുടരാൻ അനുവദിക്കില്ല.

